**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3536 — 22.08.2017 ൽ മറുപടിക്ക്

ചികിത്സയില്ലാതെ തമിഴ്നാട് സ്വദേശി ശ്രീ. മുരുകൻ മരിക്കാനിടയായ സംഭവം

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചികിത്സയില്ലാതെ തമിഴ്നാട് സ്വദേശി ശ്രീ. മുരുകൻ മരിക്കാനിടയായ സംഭവത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ; | (എ) | തമിഴ് നാട് സ്വദേശി മുരുകൻ ചികിത്സയില്ലാതെ മരിക്കാനിടയായ സംഭവത്തിന്മേൽ അന്വേഷണം നടത്തുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ മൂന്നംഗ സംഘത്തെ നിയോഗിച്ചിരുന്നു. ഈ സംഘം പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മരണാസന്നനായ രോഗിയെ 5 ആശുപത്രികളിൽ മാറി മാറി പ്രവേശിപ്പിച്ചിട്ടും ചികിത്സ നൽകാൻ കഴിയാതെ വന്ന സാഹചര്യം കേരളത്തിൽ ഇനി ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. |
| (സി) | മരണപ്പെട്ട മുരുകന്റെ കുടുംബത്തിന് ആശ്വാസധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി) | മരണപ്പെട്ട മുരുകന്റെ കുടുംബത്തിന് ആശ്വാസ ധനസഹായമായി 19.08.2017 തീയ്യതിയിലെ സ. ഉ. (കൈ.) നമ്പർ 286/2017/റവ പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 10 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ